<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിമൂന്നാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1584 — 16.03.2015 ൽ മറുപടിയ്ക്ക്

# റബ്ബർ സംഭരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ചന്ദ്രൻ | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) റബ്ബറിന്റെ വിലയിടിവ് തടയുവാൻ റബ്ബർ സംഭരണം നടത്തുന്നുണ്ടോ; | (എ) ഉണ്ട് |
| (ബി) എന്തു വിലയ്ക്കാണ് ഇപ്പോൾ റബ്ബർ സംഭരിക്കുന്നതെന്നും ഇതിനകം എത്ര ടൺ സംഭരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽ നിന്നും കിലോയ്ക്ക് 5 രൂപ കൂടുതൽ നൽകിക്കൊണ്ടാണ് RSS 4, RSS 5 ഗ്രേഡുകളിലുള്ള റബ്ബർ സംഭരിക്കുന്നത്.<br>റബ്ബർമാർക്ക് ഇതിനകം 804.99 ടൺ റബ്ബറും മാർക്കറ്റഫെഡ് 422.33 ടൺ റബ്ബറും സംഭരിച്ചിട്ടുണ്ട്. |
| (സി) സംഭരണംകൊണ്ട് കർഷകർക്ക് ന്യായവില കിട്ടുന്നുണ്ടോ; ഇല്ലെങ്കിൽ ന്യായവില ലഭ്യമാക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) റബ്ബർ സംഭരണം മൂലം നിലവിലുള്ള വില താഴ്ന്ന് പോകാതെ ഒരു പരിധി വരെ പിടിച്ച് നിർത്താൻ സാധിച്ചിട്ടുണ്ട്.<br>റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമായതിനാൽ, സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേക്ക് നിവേദനത്തിലൂടെ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളിൽ, സ്വാഭാവിക റബ്ബറിന് വിലസ്ഥിരത ഏർപ്പെടുത്തുവാൻ അനുയോജ്യമായ പദ്ധതി രൂപീകരിക്കുക എന്ന ആവശ്യവും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സ്വാഭാവിക റബ്ബറിനും മറ്റ് രൂപങ്ങൾക്കും നിലവിലുണ്ടായിരുന്ന 5% വാങ്ങൽ നികുതി 20.12.2014 മുതൽ 31.03.2015 വരെ ഒഴിവാക്കിക്കൊണ്ട് 20.12.2014 ൽ വിജ്ഞാപനവും (എസ്.ആർ.ഒ. നം.796/2014) തുടർന്ന് പ്രസ്തുത സ്കീമിന്റെ നടപടി ക്രമങ്ങൾ വിശദീകരിച്ചുകൊണ്ട് 22.12.2014 ൽ സ.ഉ.(പി) നം.207/2014/നികുതി സർക്കാർ ഉത്തരവും ആയതിൽ ചില മാറ്റങ്ങൾ വരുത്തി 21.01.2015 ലെ സ.ഉ.(പി) നം.16/2015/നികുതി സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ